**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4214** **28-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികളിൽ ഓരോന്നിനും എത്ര മാസത്തെ കുടിശികയാണ് നിലവിലുള്ളത്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച് മാസത്തിലും. 2024 ഏപ്രിൽ മാസത്തിലും, 2024 മെയ് മാസത്തിലും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അതാത് മാസം തന്നെ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. തുടർന്നും മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>ഓരോ മാസവും പുതിയ പെൻഷൻ ഗുണഭോക്താക്കൾ കൂട്ടി ചേർക്കപ്പെടുന്നതിനാലും മരണപ്പെട്ടവർ ഒഴിവായി പോകുന്നതിനാലും സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്കേ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ബി) | കുടിശിക മുഴുവൻ വിതരണം ചെയ്യുന്നതിന് ഓരോ പെൻഷൻ പദ്ധതിയ്ക്കും എത്ര തുക വീതം വേണ്ടിവരുമെന്നും കുടിശിക വിതരണത്തിന് മാത്രമായി ആകെ എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച് മാസത്തിലും. 2024 ഏപ്രിൽ മാസത്തിലും, 2024 മെയ് മാസത്തിലും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അതാത് മാസം തന്നെ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. തുടർന്നും മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>ഓരോ മാസവും പുതിയ പെൻഷൻ ഗുണഭോക്താക്കൾ കൂട്ടി ചേർക്കപ്പെടുന്നതിനാലും മരണപ്പെട്ടവർ ഒഴിവായി പോകുന്നതിനാലും സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്കേ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (സി) | ഓരോ പെൻഷൻ വിതരണത്തിനുമായി നടപ്പ സാമ്പത്തിക വർഷം എത്ര തുകയാണ് വേണ്ടിവരുന്നത്; | (സി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ, 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് നടപ്പ |

ഈ തുക ഏതെല്ലാം രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാമ്പത്തിക വർഷം വേണ്ടി വരുന്ന തുകയുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

(തുക രൂപയിൽ)

| പെൻഷൻ ഇനം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | ഇല്ല | 670,54,83,840 |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 80 വയസ്സിൽ താഴെ | 152,15,62,800 (80 വയസ്സിൽ താഴെ 82,08,76,800 + 80 വയസ്സിന് മുകളിൽ 70,06,86,000) | 5313,80,26,920 |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 80 വയസ്സിൽ കൂടുതൽ | | |
| ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 24,09,40,800 | 811,56,31,920 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | ഇല്ല | 170,12,50,320 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 115,45,74,000 | 2591,84,09,880 |
| **ആകെ തുക** | **291,70,77,600** | **9557,88,02,880** |

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ ആകെ 1064.63 കോടിയോളം രൂപയും, 2024-25 സാമ്പത്തിക വർഷം മെയ് 31 വരെ 112.59 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ /ക്ഷേമനിധി ബോർഡ്ഡു പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് ഒരു സാമ്പത്തിക വർഷം സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് മാത്രമേ ഉപയുക്തമാകുന്നുള്ളൂ. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ

| | | | |
|---|---|---|---|
| | | | സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തു തന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ